III. 1. കൃഷി മുഖ്യവിഷയമായുള്ള എസ്.എസ്.എൽ.സി.യോ തത്തുല്യ യോഗ്യതയോ.

അല്ലെങ്കിൽ

2. എസ്.എസ്.എൽ.സി.യോ തത്തുല്യ യോഗ്യതയും കൃഷിയിൽ അംഗീകൃത പരിശീലനവും

അല്ലെങ്കിൽ

3. കൃഷി ഐച്ഛിക വിഷയമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള പോസ്റ്റ് ബേസിക് സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്.

B.

നല്ല കായികശേഷി.

ബി.എസ്.സി. അഗ്രികൾച്ചർ യോഗ്യതയും വി.എച്ച്.എസ്.ഇ. അഗ്രികൾച്ചർ യോഗ്യതയും ടി തസ്തികയ്ക്ക് പരിഗണിക്കാറുണ്ട്. ഒഴിവുകൾ ഒരുമിച്ചാണ് റിപ്പോർട്ട് ചെയ്യുന്നത്. നിയമന ശിപാർശ ലിസ്റ്റ് I (ബി.എസ്.സി. അഗ്രികൾച്ചർ, ഡിപ്ലോമ ഇൻ അഗ്രികൾച്ചർ)-ൽ നിന്നും ഒന്നാമതായും ലിസ്റ്റ് I തീർന്നതിനുശേഷം ലിസ്റ്റ് II-ൽ (വി.എച്ച്.എസ്.ഇ. അഗ്രികൾച്ചർ)-ൽനിന്നും രണ്ടാമതായും, ലിസ്റ്റ് II തീർന്നശേഷം ലിസ്റ്റ് III-ൽനിന്നും മൂന്നാമതായും ആണ് നടത്തപ്പെടുന്നത്.

(ഇ) ഉയർന്ന യോഗ്യതയുള്ളവരെ ഒഴിവാക്കുന്നത് ഉചിതമെന്ന് തോന്നുന്നില്ല.

നിതാഖത്മൂലം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം

88 (1462) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഗൾഫ് രാജ്യങ്ങളിൽ നിന്നും നിതാഖത്മൂലം എത്ര പേർ തിരികെയെത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) നിതാഖത്മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെത്തിയവരെ പുനരധിവസിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(സി) നിതാഖത്മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവരെ പുനരധിവസിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സർക്കാർ സ്വീകരിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സൗദി അറേബ്യയിൽ നിതാഖത് നിയമം കർശനമാക്കിയതിനെ തുടർന്ന് തിരികെ എത്തുന്നവർക്ക് രജിസ്റ്റർ ചെയ്യുന്നതിനായി നോർക്ക-റൂട്ട്സ് വിവിധ എയർപോർട്ടുകളിൽ ഹെൽപ് ഡെസ്കുകളും ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഏർപ്പെടുത്തിയിരുന്നു. 31-12-2013 വരെ രജിസ്റ്റർ ചെയ്തവരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു:

ജില്ല	രജിസ്റ്റർ ചെയ്തവരുടെ എണ്ണം
തിരുവനന്തപുരം	2330
കൊല്ലം	2182
പത്തനംതിട്ട	351
ആലപ്പുഴ	685
കോട്ടയം	219
ഇടുക്കി	77
എറണാകുളം	422
തൃശ്ശൂർ	620
പാലക്കാട്	1532
കോഴിക്കോട്	2719
വയനാട്	554
മലപ്പുറം	9274
കണ്ണൂർ	1423
കാസർഗോഡ്	246
ആകെ	22634

(ബി) തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക വകുപ്പ് നടപ്പിലാക്കിവരുന്ന ' നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് ' (NDPREM) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നിതാഖത്മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളേയും പുനരധിവസിപ്പി

ക്കുന്നുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ഈ പദ്ധതി പ്രകാരം അപേക്ഷകർ സമർപ്പിക്കുന്ന സംരംഭക പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി റിസർവ് ബാങ്കിന്റെ നിയമങ്ങൾക്ക് വിധേയമായാണ് ഈ ബാങ്കുകൾ വായ്പ അനുവദിക്കുന്നത്. അർഹരായ പ്രവാസികളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ബാങ്കുകളെ കൂടി ഉൾപ്പെടുത്തി ഗുണഭോക്താവുമായി കൂടിക്കാഴ്ച നടത്തി പദ്ധതി നടപ്പാക്കിവരുന്നു.

(സി) ഇല്ല. നിതാഖത് മൂലം തിരികെയെത്തിയതായി രജിസ്റ്റർ ചെയ്ത 22634 പേരിൽനിന്നും അധിക വിവരം ലഭ്യമാക്കിയ 5783 പേരിൽ 2841 പേരെ വായ്പയ്ക്ക് അർഹരാണെന്ന് കണ്ടെത്തി NDPREM പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നോർക്ക-റൂട്ട്സും കാനറ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പുവച്ച ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവ് നൽകിയാണ് വായ്പ അനുവദിച്ചുവരുന്നത്. എസ്.ബി.ടി. ഉൾപ്പെടെ കൂടുതൽ ബാങ്കുകളെ സഹകരിപ്പിക്കുന്നതിന് ചർച്ചകൾ പുരോഗമിക്കുന്നു. 31-3-2016-നു മുൻപ് അപേക്ഷ സമർപ്പിച്ച അർഹരായ എല്ലാ പേർക്കും വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രവാസി ക്ഷേമ പദ്ധതി

89 (1463) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രവാസികൾക്കുവേണ്ടി ആരംഭിച്ചിട്ടുള്ള വായ്പാ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രവാസി മലയാളികളുടെ ക്ഷേമം മുൻനിർത്തി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly